# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1324 — 03.12.2018 -ൽ മറുപടിക്ക്

## കീഴൂർ ഗവണ്മെന്റ് യു.പി. സ്കൂൾ അപ്ഗ്രഡേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | പ്രൊഫ: സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കൊയിലാണ്ടിനിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കീഴൂർ ഗവണ്മെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ 326/സി2/2017/ പൊ.വി.വ. നമ്പർ കത്ത് മുഖേന പൊതുവിദ്യാഭ്യാസ (സി) വകുപ്പ് ആവശ്യപ്പെട്ട റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ ;<br><br>ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) & ബി) ഉണ്ട്. ആർ.എം.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 7.05.2018 ലെ റിപ്പോർട്ട് പ്രകാരം കീഴൂർ ഗവണ്മെന്റ് യു.പി.സ്കൂൾ അപ്ഗ്രഡേഷൻ പ്രപ്പോസൽ പരിശോധി - ച്ചപ്പോൾ UDISE ഡാറ്റ പ്രകാരം കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്നും പ്രസ്തുത സ്കൂളിന്റെ നാല് കിലോമീറ്റർ ചുറ്റളവിൽ പയ്യോളി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്നതിനാൽ ഈ പ്രദേശം വിദ്യാഭ്യാസ വിദൂര പ്രദേശമല്ലെന്നും വിദ്യാഭ്യാസ വിദൂരപ്രദേശം സംബന്ധിച്ച അന്തിമ വിജ്ഞാപനത്തിന് അനുസൃതമായിട്ടല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണനാർഹമല്ലെന്നുമാണ് പൊതുവിലുള്ള സർക്കാർ നിലപാട്. ടി വിഷയം പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് 326/D2/17/പൊ.വി. ഫയലിൽ കൈകാര്യം ചെയ്യുന്നു. |
| സി) ഒരു യു.പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത്കൊണ്ട് ഉത്തരവാകുന്നതിന് മുന്നോടിയായി വിവിധ തലങ്ങളിൽ നടക്കേണ്ടുന്ന നടപടി ക്രമങ്ങൾ വിശദമാക്കാമോ? | സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഒരു യു.പി.സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് പാരൻസ് ടീച്ചേഴ്സ് അസോസിയേഷൻ/സ്കൂൾമാനേജ്മെൻറ് കമ്മറ്റി/ സ്കൂൾ മാനേജ്മെൻറ് ഡവലപ്പ്മെൻറ് കമ്മറ്റി/ ജനപ്രതി നിധികൾ തുടങ്ങിയവരുടെ അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശുപാർശയോടെ ആർ.എം.എസ്.എ. |

സംസ്ഥാന ഓഫീസിൽ സമർപ്പിക്കണം. പ്രസ്തുത അപേക്ഷ സംസ്ഥാന ഓഫീസിൽ പ്രോജക്ട് അപ്രൈസൽ നടത്തി മാനവ വിഭവശേഷി മന്ത്രാലയം മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തി മാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിക്കണം പ്രസ്തുത റിപ്പോർട്ട് മാനവവിഭവശേഷി മന്ത്രാലയം അംഗീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന് യു.പി.സ്കൂൾ, ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവിറക്കാവുന്നതാണ്.

സാധാരണ നിലയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഗസ്റ്റ് വിജ്ഞാപനപ്രകാരം വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളിലെ സ്കൂളുകൾ മാത്രമേ അപ്ഗ്രേഡഷന് പരിഗണിക്കുകയുള്ളു. വിജ്ഞാപന തീയതിമുതൽ ഒരു മാസത്തിനകം ഫാറം നമ്പർ1-ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതും ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച് വിശദ പരിശോധനയ്ക്ക് ശേഷം അന്തിമ തീരുമാനമെടുത്ത് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുമാണ് അപ്ഗ്രേഡേഷൻ നടപ്പടി ക്രമങ്ങൾ.

സെക്ഷൻ ഓഫീസർ